T

879/2022/DCE

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം – 695 033
ഫോൺ : 0471 2737251, 2737252 Email: egrantzscdd@gmail.com

6/1/22

**No: SCDD/10721/2021-B1 (EDN B)-Part(2)** **Date: 04/01/2022**

From
ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ്

To

ഡയറക്ടർ
കോളജ് വിദ്യാഭ്യാസ വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം

ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
പത്മവിലാസം റോഡ്, ഫോർട്ട് പി.ഒ
പഴവങ്ങാടി, തിരുവനന്തപുരം–23

S
16/01

ഡയറക്ടർ
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
ചാലക്കുഴി, തിരുവനന്തപുരം–11

ഡയറക്ടർ
ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം–1

ഡയറക്ടർ
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
പുളിമൂട്, തിരുവനന്തപുരം

സർ,

വിഷയം : പട്ടികജാതി വികസനം – ഇ-ഗ്രാന്റ്സ്- പട്ടികജാതി വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്- പുതുക്കിയ കേന്ദ്രമാർഗനിർദേശ പ്രകാരം നടപ്പാക്കുന്നത്- സ്ഥാപനങ്ങൾക്കു നിർദേശം നൽകുന്നത്- സംബന്ധിച്ച്

സൂചന : സർക്കാർ കത്ത് നം. 128/B3/2019/SCSTDD Dated 14/12/2021

**2021–22** വർഷം മുതൽ പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പുതുക്കിയ കേന്ദ്ര മാർഗനിർദേശ പ്രകാരം നടപ്പിലാക്കുവാൻ തീരുമാനമായിട്ടുണ്ട്. ഇതു പ്രകാരം ഓരോ കോഴ്സ് ഗ്രൂപ്പിനും കേന്ദ്ര മാനദണ്ഡ പ്രകാരം അർഹമായ അക്കാദമിക് അലവൻസ്, ട്യൂഷൻ-എക്സാം-സ്പെഷ്യൽ ഫീസ് എന്നിവയും ചേർന്ന തുകയുടെ 40% സംസ്ഥാന സർക്കാർ നൽകുന്നതും തുടർന്ന് നാഷണൽ പോർട്ടലിലേക്ക് ഡേറ്റ ഷെയർ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ബാക്കി 60% തുക കേന്ദ്രസർക്കാർ നേരിട്ട് വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് നൽകുന്നതുമാണ്.

ആയതിന്റെ ഭാഗമായി എല്ലാ പട്ടികജാതി വിഭാഗം വിദ്യാർഥികളുടെയും പ്രൊഫൈലിൽ രേഖപ്പെടുത്തിയിട്ടുള്ള മൊബൈൽ നമ്പർ unique ആണോ എന്നതും അക്കൗണ്ട് നമ്പർ ശരിയായിട്ടുള്ളതും സേവിംഗ്സ് അക്കൗണ്ട് ആണോ എന്നതും ജനുവരി 10 നുള്ളിൽ പരിശോധിച്ച് സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. (ട്യൂഷൻ ഫീസ് ഉൾപ്പെടെയുള്ള തുക വിദ്യാർഥിയുടെ അക്കൗണ്ടിലേക്കാണ് നൽകുന്നതെന്നതിനാൽ റിജക്ഷൻ ഒഴിവാക്കുന്നതിനായി സീറോ ബാലൻസ് അക്കൗണ്ടുകൾ സേവിംഗ്സ് അക്കൗണ്ട് ആയി മാറ്റേണ്ടതുണ്ട്)

മേൽ പ്രകാരമുള്ള അപ്ഡേഷൻ പ്രക്രിയ വേഗത്തിൽ നിർവഹിക്കുന്നതിനായി എല്ലാ സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഇ-ഗ്രാന്റ്സ് പ്രിൻസിപ്പൽ ലോഗിനിൽ പ്രത്യേക ഓപ്ഷൻ നൽകിയിട്ടുണ്ട്. ഇ-ഗ്രാന്റ്സ് കൈപ്പറ്റുന്ന എല്ലാ പട്ടികജാതി വിഭാഗം വിദ്യാർഥികൾക്കും അറിയിപ്പ് നൽകുന്നതിനും അവരുടെ ബാങ്ക് അക്കൗണ്ട് നമ്പർ, മൊബൈൽ നമ്പർ എന്നിവ പരിശോധിച്ച് അടിയന്തിര സ്വഭാവത്തിൽ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യുന്നതിനും എല്ലാ സ്ഥാപന മേധാവികൾക്കും നിർദേശം നൽകുവാൻ അഭ്യർഥിക്കുന്നു.

2021-22 മുതൽ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടുന്ന ട്യൂഷൻ-എക്സാം-സ്പെഷ്യൽ ഫീസ് എന്നിവയും വിദ്യാർഥികളുടെ അക്കൗണ്ടിലേക്കാണ് നൽകുന്നതെന്നതിനാൽ പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് ഇതിനെക്കുറിച്ച് അറിയിപ്പ് നൽകുന്നതിനും തുക അക്കൗണ്ടിൽ ക്രെഡിറ്റായാൽ 7 ദിവസത്തിനകം സ്ഥാപനത്തിനുള്ള തുക നേരിട്ട് സ്ഥാപനത്തിൽ ഒടുക്കണമെന്ന് നിർദേശം നൽകുന്നതിനും അഭ്യർഥിക്കുന്നു.

പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനായി മേൽ പ്രക്രിയയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സജീവമായ ഇടപെടലും പങ്കാളിത്തവും ഉറപ്പു വരുത്തണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
ഡയറക്ടർ

ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)
ഡയറക്ടർക്കു വേണ്ടി

R1/879/2022

07/1/2022

07/1/22 7/1/22